Vol 03 Issue 03 Jan.-Mar. 2012

FROM THE HO SE OF ESAF

LAHANTI

ESAF MICROFINANCE Creating Opportunities

20th ANNIVERSARY celebrations 1992-2012 ESAF

...means development in Santhali, the language of an underdeveloped tribal group in Eastern India.

## ചിന്തിക്കൂ ഒരു നിമിഷം...

# മാറ്റം മാതൃകയിലൂടെ...



ജീവിത ശൈലിയോട് ബന്ധപ്പെട്ട രോഗങ്ങളെ അകറ്റി നിർത്തുന്നതിൽ വ്യായാമത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് വാചാലനാകുമായിരുന്ന ഒരു ഡോക്ടർ വ്യക്തിപരമായ സംഭാഷണ മദ്ധ്യേ ഇപ്രകാരം പറഞ്ഞതോർക്കുന്നു. "വ്യായാമം ചെയ്യുന്നതിനെക്കുറിച്ച് രോഗികളോട് കർശനമായി സംസാരിക്കുമെങ്കിലും ഞാൻ വ്യായാമം ചെയ്യാൻ മെനക്കെടാറില്ല." സ്വന്തം ജീവിതത്തിൽ പ്രാവർത്തികമാക്കാത്ത കാര്യങ്ങൾ ചെയ്യുവാൻ മറ്റുള്ളവരെ ഉപദേശിക്കുമ്പോൾ ആ ഉപദേശം എത്രമാത്രം ഫലപ്രദമാകും? "ലോകത്തിൽ നിങ്ങൾ കാണുവാൻ ആഗ്രഹിക്കുന്ന മാറ്റമായി നിങ്ങൾ തീരുക." (Be the change you want to see in the world) എന്ന മഹാത്മജി യുടെ വാക്കുകൾ ജീവിത മാതൃകയുടെ പ്രാധാന്യം വ്യക്തമാക്കുന്നു. ഒരു രാഷ്ട്രത്തിന്റെ പിതാവായി അംഗീകരിക്കപ്പെടുവാൻ ഗാന്ധിജിയെ യോഗ്യനാക്കിയ സവിശേഷതകളിലൊന്ന് അദ്ദേഹത്തിന്റെ ജീവിതവും പ്രസംഗവും തമ്മിൽ വൈരുദ്ധ്യമില്ലായിരുന്നു എന്നതാണ്. "എന്റെ ജീവിതമാണ് എന്റെ സന്ദേശം"(My life is my message) എന്ന അവകാശപ്പെടുവാൻ അദ്ദേഹത്തിനു കഴിഞ്ഞു. അദ്ദേഹത്തിന്റെ ജീവിതശൈലി വിശ്വാസ പ്രമാണങ്ങളുടെ പ്രതിഫലനമായിരുന്നു.

പ്രവർത്തികൾ വാക്കുകളേക്കാൾ ഉച്ചത്തിൽ സംസാരിക്കുന്നു (Actions speak louder than words). നമ്മുടെ ജീവിതം നൽകുന്ന സന്ദേശമാണ് മറ്റുള്ളവർ കൂടുതൽ ശ്രദ്ധിക്കുന്നത്. നമ്മുടെ വസ്ത്രങ്ങൾ, ഭവനം, പ്രതികരണങ്ങൾ, പെരുമാറ്റം എന്നിവയെല്ലാം നാം ഇഷ്ടപ്പെട്ടാലും ഇല്ലെങ്കിലും മറ്റുള്ളവരോട് സംസാരിച്ചുകൊണ്ടിരിക്കുന്നു. നാം സംസാരിക്കുന്ന കാര്യങ്ങൾ മറ്റുള്ളവർ മനസ്സിലാക്കുന്നത് പ്രവർത്തികളിലൂടെ നൽകുന്ന സന്ദേശത്തിന്റെ വെളിച്ചത്തിലാണ്. താമസിച്ച് ജോലിക്ക് ഹാജരാകുന്നത് പതിവാക്കിയ ഒരു മാനേജർ തന്റെ കീഴിൽ ജോലി ചെയ്യുന്നവരോട് കൃത്യ നിഷ്ഠയെക്കുറിച്ച് ഉപദേശിച്ചാൽ എന്തെങ്കിലും ഫലം ഉണ്ടാകുമോ? മറ്റുള്ളവരിൽ നാം കാണുവാൻ ആഗ്രഹിക്കുന്ന മാറ്റത്തിന്റെ ഉടമകളായിത്തീരുവാൻ നമുക്ക് കഴിയണം. അല്ലെങ്കിൽ നമ്മുടെ ഉപദേശവും പ്രസംഗവും കാപട്യത്തിന്റെ പര്യായങ്ങളായി കണക്കാക്കപ്പെടും.

**ജേക്കബ് സാമുവൽ**
ഡയറക്ടർ, ഇസാഫ് ഹെൽത്ത്കെയർ

## ഇസാഫിന്റെ 20-ാം വാർഷികാഘോഷങ്ങൾക്ക് തുടക്കമായി



*ഇസാഫിന്റെ 20-ാം വാർഷികം സി.എൻ. ബാലകൃഷ്ണൻ ഉദ്ഘാടനം ചെയ്യുന്നു*

**തൃശ്ശൂർ:** ഇസാഫിന്റെ 20-ാം വാർഷികാഘോഷ പരിപാടികൾക്ക് തുടക്കമായി. തൃശ്ശൂർ ടൗൺ ഹാളിൽ സംഘടിപ്പിച്ച പരിപാടി സഹകരണവകുപ്പ് മന്ത്രി സി.എൻ.ബാലകൃഷ്ണൻ ഉദ്ഘാടനം ചെയ്തു. സാമൂഹിക പ്രതിബദ്ധതയ്ക്ക് ഊന്നൽ കൊടുത്തുകൊണ്ടുള്ള ഇസാഫിന്റെ സേവന പ്രവർത്തനങ്ങൾ പ്രത്യേകം അഭിനന്ദനം അർഹിക്കുന്നതായി ഉദ്ഘാടന പ്രസംഗത്തിൽ അദ്ദേഹം അഭിപ്രായപ്പെട്ടു. തൃശ്ശൂർ കോർപ്പറേഷൻ മേയർ ഐ.പി. പോൾ അദ്ധ്യക്ഷത വഹിച്ചു. സാമൂഹിക സേവന രംഗത്ത് പൊതുജന പങ്കാളിത്തത്തോടെ ഇസാഫ് നടപ്പിലാക്കിവരുന്ന വിവിധ ദാരിദ്രനിർമ്മാർജ്ജന സേവന പ്രവർത്തനങ്ങളിൽ വിജയം കൈവരിക്കാൻ സാധിച്ചതിൽ തികഞ്ഞ ചാരിതാർത്ഥ്യമുണ്ടെന്ന് വിശിഷ്ടാതിഥികൾക്ക് സ്വാഗതമാശംസിച്ചുകൊണ്ട് സ്ഥാപക എക്സിക്യൂട്ടീവ് ഡയറക്ടർ കെ.പോൾ തോമസ് പറഞ്ഞു. മികച്ച ഇസാഫ് സംരംഭകർക്കുള്ള അവാർഡുകൾ തൃശ്ശൂർ എം.എൽ.എ അഡ്വ. തേറമ്പിൽ രാമകൃഷ്ണൻ വിതരണം ചെയ്തു. ഇസാഫിന്റെയും കാനഡ ആസ്ഥാനമായി പ്രവർത്തിക്കുന്ന ഹെൽത്ത് ബ്രിഡ്ജിന്റെയും സംയുക്താഭിമുഖ്യത്തിൽ നടപ്പിലാക്കുന്ന 'വാസയോഗ്യമായ തൃശ്ശൂർ നഗരം' പദ്ധതി മേയർ ഉദ്ഘാടനം ചെയ്തു. തൃശ്ശൂർ നഗരം കാൽനട യാത്രക്കാർക്കും സൈക്കിൾ സവാരിക്കാർക്കും വിദ്യാർത്ഥികൾക്കും ഇണങ്ങും വിധം മാറ്റങ്ങൾ വരുത്തുന്നതിന് ഈ പദ്ധതി ലക്ഷ്യമിടുന്നു. സംസ്ഥാന ഗവൺമെന്റിന്റെ സഹകരണത്തോടെ ഇസാഫ് നടപ്പിലാക്കുന്ന 'ആത്മ' (അഗ്രിക്കൾച്ചർ ടെക്നോളജി മാനേജ്മെന്റ് ഏജൻസി) പദ്ധതിയുടെ ഉദ്ഘാടനം തൃശ്ശൂർ ജില്ല ആത്മ പ്രൊജക്ട് ഡെപ്യൂട്ടി ഡയറക്ടർ മെഴ്സി തോമസ് നിർവഹിച്ചു. ഇസാഫിന്റെ പ്രവർത്തനങ്ങളിൽ 10 വർഷം പിന്നിട്ട ജീവനക്കാരെയും ഇസാഫ് സംഘടിപ്പിച്ച ഉപന്യാസ രചനാമത്സരത്തിൽ വിജയികളായവരെയും ചടങ്ങിൽ കെ.പോൾ തോമസ് അനുമോദിച്ചു. കോർപ്പറേഷൻ സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ ഡോ.എം.ഉസ്മാൻ, മണ്ണുത്തി കൗൺസിലർ ജയശ്രീ ഭാസ്കരൻ, ഇസാഫ് മൈക്രോ ഫിനാൻസ് ഡയറക്ടർ ഓപ്പറേഷൻസ് ജോർജ്ജ് തോമസ്, ബോർഡ് അംഗം കെ.സി.രഞ്ജിനി, വിക്രമൻ അമ്പലക്കാട്ട്, ഹെൽത്ത് ബ്രിഡ്ജ് പ്രോഗ്രാം മാനേജർ ക്രിസ്റ്റി ഡാനിയൽ, ഇസാഫ് എസ്. എച്ച്.ജി. ബോർഡ് അംഗം ലതാമണി എന്നിവരും പ്രസംഗിച്ചു. ഇന്റർനാഷണൽ റിസോഴ്സസ് ഫോർ ഫെയറർ ട്രേഡിന്റെയും ഇസാഫിന്റെയും സംയുക്താഭിമുഖ്യത്തിൽ ദ്വിദിന വ്യാപാര മേളയും പരിപാടിയോടനുബന്ധിച്ച് ടൗൺ ഹാളിൽ സംഘടിപ്പിച്ചിരുന്നു.

## ഇസാഫ് വനിതാദിനം ആചരിച്ചു

**മണ്ണുത്തി:** ഇസാഫിന്റെ ആഭിമുഖ്യത്തിൽ അന്താരാഷ്ട്ര വനിതാദിനം വിപുലമായി ആചരിച്ചു. ഒല്ലൂക്കര സൊസൈറ്റി ഹാളിൽ സംഘടിപ്പിച്ച പരിപാടി ഇസാഫ് എക്സിക്യൂട്ടീവ് ഡയറക്ടർ കെ.പോൾ തോമസ് ഉദ്ഘാടനം ചെയ്തു. ഇസാഫ് ഗ്രിവൻസ് സെൽ ചെയർപേഴ്സൺ മെറീന പോൾ അദ്ധ്യക്ഷതവഹിച്ചു. തൃശ്ശൂർ കോർപ്പറേഷൻ ഡെപ്യൂട്ടി മേയർ അഡ്വ.സുബി ബാബു വനിതാദിന സന്ദേശം നൽകി. പൊതുമരാമത്ത് സ്റ്റാൻഡിങ് കമ്മിറ്റി ചെയർപേഴ്സൺ എം.എൽ റോസി, തൃശ്ശൂർ വനിതാ സെൽ സബ് ഇൻസ്പെക്ടർ ഉഷ കെ.എ, പ്രമുഖ സ്റ്റുഡന്റ് കൗൺസിലർ ഗീതു രാംദാസ്, കായിക വിദ്യാഭ്യാസ പരിശീലകൻ സന്തോഷ് ബാബു, ഇസാഫ് എസ്.എച്ച്.ജി. ബോർഡ് അംഗം ലതാമണി, ഇസാഫ് ഡയറക്ടർ ഓപ്പറേഷൻസ് ജോർജ്ജ് തോമസ്, പ്രോഗ്രാം ഡയറക്ടർ ജേക്കബ് സാമുവൽ എന്നിവർ പ്രസംഗിച്ചു. സ്ത്രീ ശാക്തീകരണ പ്രസ്ഥാനങ്ങളിൽ പ്രവർത്തിക്കുന്ന പ്രമുഖരെ ഉൾപ്പെടുത്തി വനിതാവേദിയും വനിതാ റാലിയും പരിപാടിയോടനുബന്ധിച്ച് സംഘടിപ്പിച്ചു.




*വനിതാദിനത്തോടനുബന്ധിച്ച് ഇസാഫ് സംഘടിപ്പിച്ച റാലിയിൽ നിന്ന്*

## എസ്.ബി.ഐ ലൈഫ് കോർപ്പറേറ്റ് ഏജൻസി ഓഫീസ് ഉദ്ഘാടനം ചെയ്തു

**തൃശ്ശൂർ:** ഇസാഫിനെ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ അനുബന്ധസ്ഥാപനമായ എസ്.ബി.ഐ ലൈഫ് ഇൻഷുറൻസിന്റെ കോർപ്പറേറ്റ് ഏജൻസിയായി തെരഞ്ഞെടുത്തു. തൃശ്ശൂർ ആദംബസാറിലെ ഏജൻസി ഓഫീസ് ഇസാഫ് മൈക്രോഫിനാൻസ് സ്ഥാപക മാനേജിങ് ഡയറക്ടർ കെ. പോൾ തോമസ് ഉദ്ഘാടനം ചെയ്തു. ഡയറക്ടർ ഓപ്പറേഷൻസ് ജോർജ്ജ് തോമസ്, ഡയറക്ടർ പ്രോഗ്രാംസ് ജേക്കബ് സാമുവൽ, സ്ട്രാറ്റജിക് അഡ്വൈസർ എ. അക്ബർ, ജനറൽ മാനേജർ ക്രിസ്തുദാസ് കെ.വി, സി.എഫ്.ഒ ജോബി സി.ഒ, ഇൻഷുറൻസ് ഹെഡ് സുന്ദരം ടി.ആർ, എസ്.ബി.ഐ ലൈഫ് റിലേഷൻഷിപ്പ് മാനേജർ ശിവകുമാർ, എയിംസ് ഇൻഷുറൻസ് ബ്രോക്കിങ് കമ്പനി ഡയറക്ടർ വിശ്വനാഥൻ ഓടാട്ട് എന്നിവർ പ്രസംഗിച്ചു.

## റിപ്പബ്ലിക് ദിനാഘോഷം

**മണ്ണുത്തി**: 63–ാം റിപ്പബ്ലിക് ദിനം ഇസാഫ് ആഘോഷിച്ചു. മണ്ണുത്തി ട്രെയിനിങ് സെന്റർ അങ്കണത്തിൽ നടന്ന പരിപാടിയിൽ ഇസാഫ് മൈക്രോഫിനാൻസ് സ്ഥാപക മാനേജിങ് ഡയറക്ടർ കെ. പോൾ തോമസ് ദേശീയപതാക ഉയർത്തുകയും റിപ്പബ്ലിക് ദിന സന്ദേശം നൽകുകയും ചെയ്തു. നാടിന്റെ സമഗ്ര വികസനം ലക്ഷമിട്ടുകൊണ്ട് കൂടുതൽ അവസരങ്ങൾ സൃഷ്ടിക്കുവാനും രാജ്യത്തിന്റെ ഐക്യവും അഖണ്ഡതയും കാത്തു സൂക്ഷിക്കുവാനും ഇസാഫ് പ്രതിജ്ഞാബദ്ധമാണെന്നും അദ്ദേഹം പറഞ്ഞു.

## റിപ്പബ്ലിക് ദിന റാലിയിൽ പങ്കെടുത്തു



*റിപ്പബ്ലിക് ദിനാഘോഷത്തിന്റെ ഭാഗമായി ഇസാഫ് ഒരുക്കിയ ടാബ്ലോ*

**മണ്ണുത്തി**: കേരള വ്യാപാരി വ്യവസായി ഏകോപന സമിതി യൂത്ത് വിങ് മണ്ണുത്തി യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച റിപ്പബ്ലിക് ദിന റാലിയിൽ ഇസാഫ് പങ്കെടുത്തു. ഇസാഫ് അവതരിപ്പിച്ച ടാബ്ലോ പരിപാടിയുടെ മുഖ്യ ആകർഷണമായി. ഘോഷയാത്രയിൽ പങ്കെടുത്ത് വിജയികളായവർക്ക് ഇസാഫ് സ്പോൺസർ ചെയ്ത ട്രോഫികൾ വിതരണം ചെയ്തു.

## സുരക്ഷാദിനം ആചരിച്ചു

**മണ്ണുത്തി**: ദുരന്തനിവാരണം ലക്ഷ്യമാക്കി ദേശീയ സുരക്ഷാദിനം രാജ്യം ആചരിച്ചപ്പോൾ ഇസാഫും അതിൽ പങ്കുചേർന്നു. സുരക്ഷാദിനത്തിന്റെ ഭാഗമായി മാർച്ച് 5–ന് ഇസാഫ് കേന്ദ്ര ഓഫീസിൽ നടന്ന പരിപാടി അഗ്നിശമന ഉപകരണം സ്ഥാപിച്ചുകൊണ്ട് ഇസാഫ് മൈക്രോഫിനാൻസ് സ്ഥാപക മാനേജിങ് ഡയറക്ടർ കെ. പോൾ തോമസ് ഉദ്ഘാടനം ചെയ്തു. സുരക്ഷാദിന പ്രതിജ്ഞക്ക് ഇസാഫ് ഡയറക്ടർ ജേക്കബ് സാമുവൽ നേതൃത്വം നൽകി. സുരക്ഷാദിനം മാർച്ച് 12–ന് ബ്രാഞ്ച് തലങ്ങളിലും ആചരിച്ചു.

## സൗജന്യ നേത്രചികിത്സ ക്യാമ്പ്

**വലപ്പാട്**: ഇസാഫ് വലപ്പാട് ബ്രാഞ്ചിന്റെയും നേത്ര ഐ കെയർ സെന്ററിന്റെയും സംയുക്താഭിമുഖ്യത്തിൽ വലപ്പാട് ഭാവന ഓഡിറ്റോറിയത്തിൽ സൗജന്യ നേത്രചികിത്സ ക്യാമ്പ് സംഘടിപ്പിച്ചു. വാടാനപ്പിള്ളി ഏരിയ മാനേജർ എൻ.എ. ജോഷി ക്യാമ്പ് ഉദ്ഘാടനം ചെയ്തു. എസ്.എച്ച്.ജി ഫെഡറേഷൻ മാനേജർ അംബിക സോമൻ, വലപ്പാട് പഞ്ചായത്ത് മെമ്പർ ഉഷ ബാബു, ഡോ. മിനു ദാത്ത് എന്നിവർ നേതൃത്വം നൽകി.

## നെല്ലി ഫെസ്റ്റ് സംഘടിപ്പിച്ചു

**പാലക്കാട്**: ഇസാഫ് സ്വാശ്രയ പ്രൊഡ്യൂസേഴ്സ് കമ്പനി, ദേശിയ അംല മിഷൻ, സംസ്ഥാന ഔഷധ സസ്യ ബോർഡ്, ഒയിസ്ക ഇന്റർനാഷണൽ വിമൻസ് ചാപ്റ്റർ എന്നിവയുടെ സംയുക്ത ആഭിമുഖ്യത്തിൽ നെല്ലി ഫെസ്റ്റ് സംഘടിപ്പിച്ചു. ടൗൺ ഹാൾ അനെക്സിൽ നടന്ന പരിപാടി അസിസ്റ്റന്റ് കളക്ടർ കെ. മുഹമ്മദ് സഫീറുള്ള ഉദ്ഘാടനം ചെയ്തു. ഇസാഫ് എക്സിക്യുട്ടിവ് ഡയറക്ടർ കെ. പോൾ തോമസ് അദ്ധ്യക്ഷത വഹിച്ചു.

## ക്രിസ്തുമസ് ആഘോഷം



*ഇസാഫിന്റെ ക്രിസ്തുമസ് ആഘോഷപരിപാടിയിൽ പി.എം. ഫ്രാൻസിസ് ക്രിസ്തുമസ് കേക്ക് മുറിക്കുന്നു*

**മണ്ണുത്തി**: ഇസാഫ് കേന്ദ്ര ഓഫീസിന്റെ ക്രിസ്തുമസ് ആഘോഷം മണ്ണുത്തി സെന്റ് ആന്റണീസ് പാരിഷ് ഹാളിൽ സംഘടിപ്പിച്ചു. ഇസാഫ് എക്സിക്യുട്ടിവ് ഡയറക്ടർ കെ. പോൾ തോമസ് അദ്ധ്യക്ഷത വഹിച്ചു. തൃശ്ശൂർ ജില്ല കളക്ടർ പി.എം ഫ്രാൻസിസ് ക്രിസ്തുമസ് സന്ദേശം നൽകി. ഇസാഫ് ക്വയറിന്റെ ഗാനങ്ങളും ഇസാഫ് കിഡ്സ് ഫോർ കിഡ്സിന്റെ ചിത്രീകരണങ്ങളും പരിപാടിയെ മനോഹരമാക്കി. ഇസാഫ് ഡയറക്ടർ ഓപ്പറേഷൻസ് ജോർജ്ജ് തോമസ്, ഡയറക്ടർ പ്രോഗ്രാംസ് ജേക്കബ് സാമുവൽ എന്നിവരും പ്രസംഗിച്ചു. ബ്രാഞ്ച് തലങ്ങളിലും ക്രിസ്തുമസ് വിപുലമായി ആഘോഷിച്ചു. ക്രിസ്തുമസിനോടനുബന്ധിച്ച് ജീവനക്കാർക്ക് ഇസാഫ് ക്രിസ്തുമസ് സമ്മാനങ്ങൾ വിതരണം ചെയ്തു.

## 'എ ഗിഫ്റ്റ് ഫോർ എ സ്മൈൽ'




*ഇസാഫ് ചൈൽഡ് കെയർ സെന്ററിലെ കുട്ടികൾ ക്രിസ്തുമസ് സമ്മാനവുമായി*

**'എ ഗിഫ്റ്റ് ഫോർ എ സ്മൈൽ' എന്ന പേരിൽ ഇസാഫ് ജീവനക്കാർ ചേർന്ന് ഇസാഫ് ലെറ്റ് ദെം സ്മൈൽ പ്രൊജക്റ്റിന്റെ കീഴിൽ ജാർഖണ്ഡിൽ പ്രവർത്തിക്കുന്ന ചൈൽഡ് കെയർ സെന്ററുകളിലെ കുട്ടികൾക്ക് ക്രിസ്തുമസ് സമ്മാനമായി 650 – ലധികം സ്വെറ്ററുകൾ വിതരണം ചെയ്തു.**

## ഏകദിന സെമിനാർ സംഘടിപ്പിച്ചു

**ഒരുമനയൂർ**: ഇസാഫിന്റെ ആഭിമുഖ്യത്തിൽ കേന്ദ്ര വനം–പരിസ്ഥിതി മന്ത്രാലയത്തിന്റെ ദേശിയ പരിസ്ഥിതി ബോധവൽക്കരണ പരിപാടി ഒരുമനയൂർ പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാളിൽ സംഘടിപ്പിച്ചു. 'കണ്ടൽ കാടുകൾ–ജീവന്റെ നിലനിൽപ്പിന്' എന്ന വിഷയത്തെ ആസ്പദമാക്കി സംഘടിപ്പിച്ച ഏകദിന സെമിനാർ പഞ്ചായത്ത് വെൽഫെയർ സ്റ്റാൻഡിങ് കമ്മറ്റി ചെയർമാൻ കെ.സി. ചാക്കോ ഉദ്ഘാടനം ചെയ്തു. ഇസാഫ് പ്രകൃതിവിഭവ സംരക്ഷണ വിഭാഗം മേധാവി ക്രിസ്തുദാസ് കെ.വി. അദ്ധ്യക്ഷത വഹിച്ചു.

## എൻ.പി.എസ് തെക്കൻ മേഖല ഉദ്ഘാടനം



*സ്വാവലംബൻ യോജനയുടെ തെക്കൻ മേഖല ഉദ്ഘാടനം ജി. കാർത്തികേയൻ നിർവ്വഹിക്കുന്നു*

**ശംഖുമുഖം**: സ്വാവലംബൻ യോജന ദേശീയ പെൻഷൻ പദ്ധതിയുടെ തെക്കൻ മേഖല ഉദ്ഘാടനം നിയമസഭ സ്പീക്കർ ജി. കാർത്തികേയൻ നിർവ്വഹിച്ചു. ഫാത്തിമ മാതാ ഫിഷർമെൻ സെന്ററിൽ നടന്ന പരിപാടിയിൽ ഇസാഫ് മൈക്രോഫിനാൻസ് ബോർഡ് അംഗം ആർ. പ്രഭ, ഇസാഫ് ഡയറക്ടർ ഓപ്പറേഷൻസ് ജോർജ്ജ് തോമസ്, ഡി.ജി.എം സൈബു കെ.എ, ഡി.സി.എം ജിജോ കുരിയപ്പൻ എന്നിവർ പ്രസംഗിച്ചു. പരിപാടിയോടനുബന്ധിച്ച് നിർധന വികലാംഗർക്ക് വീൽചെയർ വിതരണം ചെയ്തു.

## വ്യവസായ സംരംഭകത്വ പരിശീലനം




*ടി. വി. ഉണ്ണികൃഷ്ണൻ പരിശീലനപരിപാടി ഉദ്ഘാടനം ചെയ്യുന്നു*

**ആമ്പല്ലൂർ**: ഇസാഫ് എസ്.എച്ച്.ജി ഫെഡറേഷന്റെയും സംസ്ഥാന കയർ ബോർഡിന്റെയും തിരുവനന്തപുരം ഗ്രാമസേവ ഭവന്റെയും സംയുക്ത ആഭിമുഖ്യത്തിൽ കയർ ഉത്പന്ന നിർമ്മാണത്തിൽ സംഘാംഗങ്ങൾക്ക് ദ്വിദിന പരിശീലനം നൽകി. ഇസാഫ് മൈക്രോഫിനാൻസ് മാനേജിങ് ഡയറക്ടർ കെ. പോൾ തോമസ് അദ്ധ്യക്ഷത വഹിച്ച പരിപാടി അളഗപ്പ നഗർ ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് ടി. വി. ഉണ്ണികൃഷ്ണൻ ഉദ്ഘാടനം ചെയ്തു.

## ക്രിസ്തുമസ് വ്യാപാരമേള

**മണ്ണുത്തി**: പ്രാഥമിക ഉത്പാദകർക്ക് ഇന്ത്യൻ വിപണിയിൽ ന്യായവില ലഭിക്കുന്നതിനും ചെറുകിട വ്യാപാര സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനും ഇന്റർനാഷണൽ റിസോഴ്സസ് ഫോർ ഫെയറർ ട്രേഡിന്റെയും (ഐ.ആർ.എഫ്.ടി) ഇസാഫിന്റെയും സംയുക്താഭിമുഖ്യത്തിൽ മണ്ണുത്തി എബനേസർ ഷോപ്പിംങ് കോംപ്ലക്സിൽ ത്രിദിന ക്രിസ്തുമസ് വ്യാപാരമേള സംഘടിപ്പിച്ചു.പ്രകൃതിയിൽ നിന്ന് ലഭിക്കുന്ന വസ്തുക്കൾ മാത്രം ഉപയോഗിച്ച് നിർമ്മിച്ച ഉത്പന്നങ്ങൾ, വീടുകളിലും ഓഫീസുകളിലും ഉപയോഗപ്രദമായ വിവിധ സാമഗ്രികൾഎന്നിവയുടെ പ്രദർശനവും വിൽപനയും മേളയിൽ സംഘടിപ്പിച്ചിരുന്നു. 'പ്രോ സസ്റ്റെയിൻ' എന്ന പദ്ധതി ഏറ്റെടുത്ത് നടപ്പിലാക്കുന്നതിന് ഐ.ആർ.എഫ്.ടി ഇസാഫിനെ തെരെഞ്ഞെടുത്തിട്ടുണ്ട്.